**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **14-10-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ കേസുകളും ഒഴിവുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ് 2023, 2024 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കോട്പ, അബ്കാരി. എൻ.ഡി.പി.എസ് കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | എക്സൈസ് വകുപ്പ് 2023, 2024 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കോട്പ, അബ്കാരി. എൻ.ഡി.പി.എസ്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസി.എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (ബി) | എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ -9, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ -5, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ -14, എക്സൈസ് ഇൻസ്പെക്ടർ -17 (സ്ഥാനക്കയറ്റം വഴി നികത്തേണ്ടവ), സിവിൽ എക്സൈസ് ഓഫീസർ -54, വനിതാ സിവിൽ എക്സൈസ് ഓഫീസർ -11 എന്നിങ്ങനെ ഒഴിവുകൾ നിലവിൽ ഉണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സീനിയോറിറ്റി സംബന്ധമായ കോടതി വ്യവഹാരങ്ങൾ അവസാനിച്ചതിനെ തുടർന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകളിൽ താൽക്കാലികമായി അനുവദിച്ചിരുന്ന സ്ഥാനക്കയറ്റങ്ങൾ റഗുലറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് ഇൻപെക്ടർ തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതായ ഒഴിവുകൾ എല്ലാം തന്നെ കേരള പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും, താൽക്കാലിക സ്ഥാനക്കയറ്റം വഴി നികത്തേണ്ടതായ 17 തസ്തികകളിൽ സ്ഥാനക്കയറ്റത്തിനുള്ള നടപടി സർക്കാർ പരിശോധിച്ച് വരുകയുമാണ്. സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 51 ഒഴിവുകൾ കേരള പി.എസി.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ സിവിൽ എക്സൈസ് ഓഫീസർമാരുടെ 5 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്. അന്തർ ജില്ലാ സ്ഥലമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള 6 |

| | | | |
|---|---|---|---|
| | | | ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ 2025 ജനുവരി മാസം ആരംഭിക്കുന്നതാണ്. ആശ്രിത നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള 3 ഒഴിവുകളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനം | ജില്ല | 2023 | | | 2024 (up to September 30) | | |
|---|---|---|---|---|---|---|---|
| | | അബ്കാരി | എൻ.ഡി.പി.എസ് | കോട്പ | അബ്കാരി | എൻ.ഡി.പി.എസ് | കോട്പ |
| 1 | തിരുവനന്തപുരം | 1401 | 536 | 13806 | 946 | 348 | 7662 |
| 2 | കൊല്ലം | 1560 | 582 | 8827 | 991 | 445 | 4663 |
| 3 | പത്തനംതിട്ട | 1576 | 555 | 9084 | 1320 | 402 | 3070 |
| 4 | ആലപ്പുഴ | 1345 | 758 | 3828 | 1049 | 378 | 3575 |
| 5 | കോട്ടയം | 1566 | 810 | 7049 | 1073 | 629 | 3761 |
| 6 | ഇടുക്കി | 832 | 635 | 3784 | 746 | 533 | 2833 |
| 7 | എറണാകുളം | 1277 | 928 | 8201 | 1051 | 686 | 5512 |
| 8 | തൃശ്ശൂർ | 1448 | 627 | 6651 | 1053 | 357 | 3463 |
| 9 | പാലക്കാട് | 1781 | 460 | 4948 | 1335 | 300 | 4878 |
| 10 | മലപ്പുറം | 1301 | 613 | 5641 | 1031 | 591 | 3855 |
| 11 | കോഴിക്കോട് | 1861 | 404 | 2439 | 1422 | 274 | 2231 |
| 12 | വയനാട് | 677 | 463 | 4096 | 423 | 289 | 1244 |
| 13 | കണ്ണൂർ | 1469 | 621 | 4288 | 1136 | 432 | 3980 |
| 14 | കാസർഗോഡ് | 922 | 112 | 3372 | 763 | 78 | 1921 |

സെക്ഷൻ ഓഫീസർ